(ഇ) ഉത്തരം മുകളിൽ (എ) ഉപചോദ്യത്തിനുള്ള മറുപടിയിൽ നല്കിയിട്ടുണ്ട്.

(എഫ്) ഈ പദ്ധതിക്ക് വേണ്ടി രൂപീകരിച്ച പ്രോജക്ട് ഡിവിഷൻ തിരുവനന്തപുരം ഡിവിഷൻ 1-ൽ ലയിപ്പിച്ചുവെങ്കിലും ഒരു കോടതിയുത്തരവിനെ തുടർന്ന് വന്ന ഉത്തരവ് നിർത്തി വച്ചിരിക്കുകയാണ്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വനിതാ ഹോസ്റ്റലുകളും റവന്യൂ ടവറുകളും

156 (2138) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്ത് എത്ര വനിതാ ഹോസ്റ്റലുകളും റവന്യൂ ടവറുകളും പണിയുവാൻ ഉദ്ദേശിക്കുന്നു ;

(ബി) എത്രയെണ്ണത്തിന്റെ പണി ഇതിനകം പൂർത്തിയായി ;

(സി) ഈ പദ്ധതികൾ നടപ്പിൽ വരുമ്പോൾ അതിലെ അലോട്ട്മെന്റ് രണ്ട് ഏജൻസി വഴിയാണോ നടത്തുവാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡ് എറണാകുളത്ത് വനിതാ ഹോസ്റ്റൽ തുടങ്ങാൻ ഉദ്ദേശിക്കുന്നു. നെടുമങ്ങാട്, അടൂർ, തിരുവല്ല, ചങ്ങനാശ്ശേരി കോതമംഗലം, എറണാകുളം എന്നീ സ്ഥലങ്ങളിൽ റവന്യൂ ടവറുകളുടെ പണി നടന്നുവരുന്നു.

(ബി) തൊടുപുഴയിലും കോട്ടയത്തുമായി രണ്ടു വനിതാ ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയായി. റവന്യൂ ടവറുകളുടെ പണികൾ ഒന്നും പൂർത്തിയായിട്ടില്ല.

(സി&ഡി) റവന്യൂ ടവറുകളിലെ കടമുറികളും ഓഫീസ് സ്ഥലവും ബോർഡ് നേരിട്ട് തന്നെയാണ് മാനേജ് ചെയ്യുന്നത്. വനിതാ ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച കാര്യം തീരുമാനമെടുത്തു കൊണ്ടിരിക്കുന്നു.

ഭവനനിർമ്മാണ ബോർഡ് അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ

157 (2139) ശ്രീ. ഉമ്മൻ ചാണ്ടി :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ ബോർഡ് അംഗീകരിച്ച പുതുക്കിയ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എത്ര തസ്തികകൾ സൃഷ്ടിച്ചു എന്നും എത്ര തസ്തികകൾ വെട്ടിക്കുറച്ചു എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly